പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3988 | 12.12.2018 ൽ മറുപടിക്ക്

## മണലൂർ മണ്ഡലത്തിലെ ഫാമിലി വെൽഫെയർ സെന്ററുകൾ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിൽ ഫാമിലി വെൽഫെയർ സെന്ററുകളാക്കി ഉയർത്തിയ എളവള്ളി, തൈക്കാട് പി.എച്ച്.സി. കൾക്ക് പുതിയതായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എളവള്ളി, തൈക്കാട് എന്നീ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.യായി ഉയർത്തുന്നതിന് തെരെഞ്ഞെടുക്കുകയും ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരികയുമാണ്. ഇപ്രകാരം തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൽട്ടേഷൻ, നേഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | എളവള്ളി പി.എച്ച്.സി.യിൽ ഓഫീസ് അറ്റൻഡർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവയിൽ ഓരോ.ഒഴിവും, തൈക്കാട് പി.എച്ച്.സി.സെന്ററിൽ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരൊഴിവും നിലവിലുണ്ട്. ഇതിൽ എളവള്ളി പി.എച്ച്.സി.യിലെ ഓഫീസ് അറ്റൻഡർ ഒഴിവ് ആശ്രിത നിയമനം മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ